# പ്രതീക്ഷയുടെ കിരണങ്ങൾ

**സയണിസത്തിന്റെ** രക്ഷാകർതൃത്വമേറ്റെടുത്ത രാജ്യങ്ങളാണ് അമേരിക്കയും ബ്രിട്ടനും. ഈ രണ്ടു രാജ്യങ്ങളുടെ ഉത്സാഹത്തിലും കാർമികത്വത്തിലുമാണ് 'ഇസ്രയേൽ' എന്ന സയണിസ്റ്റ് സ്വപ്നം സഫലമായത്. ഇസ്രയേലിനെ ആദ്യം അംഗീകരിച്ചതും ഐക്യരാഷ്ട്രസഭയെ കൊണ്ട് അംഗീകരിപ്പിച്ചതും ഈ രാജ്യങ്ങളായിരുന്നു. റഷ്യയും ഫ്രാൻസും ജർമനിയുമൊക്കെ ഇസ്രയേലിനെ പിന്തുണക്കുന്നുണ്ട്. എങ്കിലും ബ്രിട്ടീഷ്-അമേരിക്കൻ ശക്തികളും അവയും തമ്മിൽ മൗലികമായ ചില അന്തരങ്ങളുണ്ട്. ആംഗ്ലോസാക്സൻ ജനതയെയാണ് അമേരിക്കയും ബ്രിട്ടനും പ്രതിനിധീകരിക്കുന്നത്. ഫ്രാൻസിലും ജർമനിയിലും ഭൂരിപക്ഷവും കത്തോലിക്കരാണ്. ഓർത്തഡോക്സ് സഭയുടെ കേന്ദ്രമാണ് റഷ്യ.

ഇസ്രയേലിന്റെ ഏതു താൽപര്യവും സംരക്ഷിക്കാൻ ബദ്ധ കങ്കണരായി ഏറ്റം ജാഗ്രതയോടെ പ്രവർത്തിച്ചുവന്നിട്ടുള്ളത് അമേരിക്കയും ബ്രിട്ടനുമാണ്. ഇക്കാര്യത്തിലവർക്ക് സങ്കീർണമായ സാഹചര്യങ്ങൾ നേരിടേണ്ടിവന്നിട്ടുണ്ട്. നൈതികതയുടെ പേരിൽ ചില സന്ദർഭങ്ങളിൽ സയണിസത്തെ പ്രോത്സാഹിപ്പിക്കുന്നതിൽ ഇടർച്ച പ്രകടിപ്പിച്ച നേതാക്കൾ അതിനു കനത്ത വില നൽകേണ്ടിവന്നതാണ് ചരിത്രം. ഇസ്രയേലിന്റെ നിലനിൽപ് എന്തു വില കൊടുത്തും ഭദ്രമാക്കുക, ഏതു സാഹചര്യത്തിലും ഇസ്രയേലിന്റെ നിലപാടുകളെയും നടപടികളെയും പിന്തുണക്കുക; കഴിഞ്ഞ 62 കൊല്ലത്തെ ബ്രിട്ടീഷ്-അമേരിക്കൻ ചരിത്രം സാക്ഷ്യപ്പെടുത്തുന്നതിതാണ്. ഇസ്രയേലിന്റെ താൽപര്യങ്ങൾ സംരക്ഷിക്കാൻ ആവശ്യമായ സന്ദർഭങ്ങളിലൊക്കെ ഇതര രാജ്യങ്ങളുടെ സഹായം തേടാൻ അവർ മടിച്ചിട്ടില്ല. ആദ്യകാലത്ത് ഇന്ത്യയും ചൈനയും ഉൾപ്പെടെ ലോക രാഷ്ട്രങ്ങളിൽ പലതും ഇസ്രയേൽ എന്ന അധിനിവിഷ്ട രാഷ്ട്രത്തെ അംഗീകരിക്കാൻ വിസമ്മതിച്ചിരുന്നു. പിന്നീട് അവ ഓരോന്നോരോന്നായി ജൂത രാഷ്ട്രത്തിന് അംഗീകാരം നൽകിയതിലും ഈ വൻശക്തികളുടെ സ്വാധീനം വലിയ പങ്കുവഹിച്ചിട്ടുണ്ട്.

ഇന്ന് ഇസ്രയേലിനോടുള്ള എതിർപ്പ് മുസ്‌ലിം രാഷ്ട്രങ്ങളിൽ, വിശേഷിച്ചും അറബ് രാഷ്ട്രങ്ങളിൽ പരിമിതമാണ്. അവരാകട്ടെ, നേരത്തെ കീഴടക്കപ്പെട്ടവരും നിസ്സഹായരുമാകുന്നു. അവരുടെ ശബ്ദത്തിന് യാതൊരു വിലയുമില്ല. അവരെ പിന്തുണക്കുന്ന ദുർബല രാജ്യങ്ങൾക്കും ആഗോള വേദിയിൽ സ്വാധീനമൊന്നുമില്ല. അധിനിവേശ ഭീകരതകൾ മുസ്‌ലിം ലോകത്തെ അടിമുടി ഉലച്ചിരിക്കുന്നു. ഫലസ്ത്വീൻ എന്ന യാഥാർഥ്യം ഒരു സ്വപ്നമായി മാറി. അഫ്ഗാനിൽ റഷ്യയും അമേരിക്കയും മാറി മാറി അധിനിവേശം നടത്തി. ഇറാഖിനെ പൂർണമായി അമേരിക്ക കീഴടക്കി. പാകിസ്താനിൽ അധിനിവേശം അരങ്ങേറിക്കൊണ്ടിരിക്കുന്നു. ഇറാൻ, സിറിയ, സുഡാൻ തുടങ്ങിയ രാജ്യങ്ങൾക്കു നേരെ ഭീഷണി രൂക്ഷമായിരിക്കൊണ്ടിരിക്കുന്നു. വൻ ശക്തികൾ ഒറ്റക്കെട്ടാണ്. അവരെ നേരിടേണ്ടവരോ, ശിഥിലരും. പാശ്ചാത്യ അധിനിവേശങ്ങളോട് സമരസപ്പെടുകയാണ് കരണീയം എന്ന് ചിന്തിക്കുന്നവർ വരെയുണ്ട്. തീവ്രവാദ ഭീകര പ്രവർത്തനങ്ങൾ കൊണ്ട് ചെറുക്കാൻ ശ്രമിക്കുന്നവരാണ് ചിലർ. ആ ശ്രമം അധിനിവേശ ശക്തികൾക്കും അവരോടനുഭാവം പുലർത്തുന്നവർക്കും ധാർമിക വീര്യം പകരാൻ മാത്രമേ ഉപകരിക്കുന്നുള്ളൂ.

ഈ പരിതോവസ്ഥയിൽ മാറ്റത്തിന്റെ നേരിയ സൂചനയെങ്കിലും നൽകുന്ന ഏതു ചലനവും മുസ്‌ലിം ലോകത്തിന് ആശ്വാസദായകമാകുന്നു. മുസ്‌ലിംകളെ പ്രാകൃതരായ ശത്രുക്കൾ എന്നതിലുപരി മറ്റെന്തോ ചിലതു കൂടിയായി കാണാനും ഇസ്‌ലാമിനെ കുറെക്കൂടി ആഴത്തിൽ പഠിക്കാനും പാശ്ചാത്യർ ശ്രമിച്ചു തുടങ്ങിയിരിക്കുന്നു എന്നത് അക്കൂട്ടത്തിലൊന്നാണ്. മറുവശത്ത് സ്വന്തം വേരുകളിൽ ഉറച്ചു നിൽക്കാനുള്ള വാസന മുസ്‌ലിംകളിലും വളർന്നു തുടങ്ങിയിരിക്കുന്നു. ഇന്ന് മുസ്‌ലിം ലോകത്തിന്റെ പൊതുവേദികളിൽ ഐക്യത്തിന്റെയും ആദർശ പ്രതിബദ്ധതയുടെയും ആവശ്യകത മുമ്പെന്നത്തേക്കാളുമേറെ മുഴങ്ങി കേൾക്കാം. മാറ്റത്തിന്റെ മാരുതൻ ലോകഗതിയെ സ്വാധീനിച്ച

തിന്റെ സൂചന നൽകുന്ന പലതും അടുത്ത കാലത്ത് അന്താരാഷ്ട്ര രംഗത്ത് സംഭവിച്ചിട്ടുണ്ട്. ഇസ്രയേലിന്റെ ഏറ്റവും പുതിയ ജൂത പാർപ്പിട നിർമാണ പദ്ധതിയെ അമേരിക്ക നിശിതമായി വിമർശിച്ചത് ആ രാജ്യത്തിന്റെ ഇതഃപര്യന്തമുള്ള പാരമ്പര്യത്തിൽനിന്നുള്ള ഒരു വ്യതിയാനം തന്നെയാണ്. ഫലസ്ത്വീനികൾക്കെതിരായ ഇസ്രയേലിന്റെ ഒരു നടപടിയെ അമേരിക്കൻ പ്രസിഡന്റും വൈസ് പ്രസിഡന്റും വിദേശ കാര്യ സെക്രട്ടറിയും പരസ്യമായി വിമർശിക്കുക എന്നത് ഇതുവരെ ഉണ്ടായിട്ടില്ല. അമേരിക്കയുടെ ഈ നിലപാടിന്റെ തുടർച്ച എന്തായിരിക്കുമെന്ന് ഇപ്പോൾ പറയാറായിട്ടില്ല. എങ്കിലും അതിൽ മാറ്റത്തിന്റെ ലക്ഷണങ്ങൾ ദൃശ്യമാണെന്ന് ഉറപ്പിച്ചു പറയാം.

തങ്ങൾ ഏതു പരിധിവരെയാണ് ഇസ്രയേലിനെ പിന്തുണക്കേണ്ടത് എന്നത് അമേരിക്കൻ ആഭ്യന്തര സമൂഹത്തിൽ തന്നെ വലിയ ചർച്ചയായിരിക്കുകയാണ്. ഇസ്രയേലിന്റെ ഏതു നീക്കത്തെയും ന്യായാന്യായതകൾ നോക്കാതെ പിന്തുണക്കാൻ പ്രതിജ്ഞാബദ്ധമാണ് അമേരിക്ക എന്ന നിലപാടാണ് ഇതുവരെ അനുവർത്തിച്ചുപോന്നത്. രാഷ്ട്രാന്തരീയ വേദികളിൽ അതാണ് ഇസ്രയേലിന്റെ അപ്രതിരോധ്യമായ ശക്തി. അമേരിക്കയുടെ അംഗീകാരം ആഗോള സമൂഹത്തിന്റെ അംഗീകാരത്തിനു തുല്യമാണ്. അമേരിക്കയുടെ സാക്ഷ്യപത്രം ഇല്ലാതായാൽ ഇസ്രയേൽ സ്വന്തം ചെയ്തികൾക്ക് ആഗോള സമൂഹത്തോട് നേരിട്ട് സമാധാനം പറയേണ്ടിവരും. മനുഷ്യത്വവിരുദ്ധമായ നിഷ്ഠുര കൃത്യങ്ങളിലേർപ്പെടുന്നതിന് മുമ്പ്, അന്താരാഷ്ട്ര സമൂഹത്തിനു മുമ്പിൽ അതെങ്ങനെ ന്യായീകരിക്കും എന്ന് പലവട്ടം ആലോചിക്കാൻ അവർ നിർബന്ധിതരാകും. റഷ്യയുടെയും ചൈനയുടെയും പല വിയോജിപ്പുകളെയും നേരത്തെ ഇസ്രയേലിന് അവഗണിക്കാനായത് അമേരിക്കയുടെ പിന്തുണകൊണ്ടായിരുന്നു. റഷ്യയും ചൈനയും മാത്രമല്ല, യൂറോപ്യൻ യൂനിയനും സ്വരം മാറ്റിക്കൊണ്ടിരിക്കുകയാണ്. ഗസ്സയിൽ ഇസ്രയേൽ നടത്തിയ അതിക്രമങ്ങളെക്കുറിച്ച് ഗോൾഡ് സ്റ്റോൺ തയാറാക്കിയ റിപ്പോർട്ട് അംഗീകരിക്കാൻ വരെ യൂറോപ്യൻ യൂനിയൻ തയാറായി. ഈ റിപ്പോർട്ട് അവരെക്കൊണ്ട് തിരസ്കരിപ്പിക്കാൻ ഇസ്രയേൽ പതിനെട്ടടവും പയറ്റിതായിരുന്നു. മുസ്‌ലിം ലോകത്തിന്, പ്രത്യേകിച്ചും ഫലസ്ത്വീനികൾക്ക് പുതിയ പ്രതീക്ഷകൾ നൽകുന്നതാണീ നീക്കങ്ങൾ. ഈ മാറ്റങ്ങളെ വിപുലീകരിക്കാനും ത്വരിപ്പിക്കാനും ഉതകുന്ന തന്ത്രങ്ങളും നയനിലപാടുകളും ആവിഷ്കരിക്കാൻ മുസ്‌ലിം ലോകത്തിനു കഴിയുമോ, അവരതിനു സന്നദ്ധരാകുമോ എന്ന വലിയൊരു ചോദ്യം മറുവശത്തുണ്ട്. അനുകൂലമായ ഉത്തരം ആഗ്രഹിക്കാനേ ഇപ്പോൾ നമുക്ക് കഴിയൂ. ■